# കേരള സർവകലാശാല

നം. പി.ആർ.131/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### കേരള സർവ്വകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം-2017 ഒന്നാം ഘട്ട അലോട്ട്മെന്റ്

കേരള സർവ്വകലാശാലയുടെ 2017-18 അധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാനമ്പറും പാസ്വേർഡും ഉപയോഗിച്ച് ലോഗ് ഇൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച കുട്ടികൾ പ്രവേശന ഫീസ് ഒടുക്കുന്നതിനുള്ള ചലാൻ പ്രിന്റ് ഔട്ട് എടുത്ത് എസ്.ബി.ഐയുടെ ഏതെങ്കിലും ശാഖയിൽ ഫീസ് ഒടുക്കേണ്ടതാണ്. പ്രവേശന ഫീസ് ജനറൽ വിഭാഗത്തിന് 1525/- രൂപയും എസ്.സി/എസ്.ടി. വിഭാഗത്തിന് 840/- രൂപയുമാണ്. പ്രവേശനഫീസ് ഒടുക്കിയ വിദ്യാർത്ഥികൾ നിശ്ചിത സമയത്തിനകം ലോഗ് ഇൻ ചെയ്ത് നിർബന്ധമായും പ്രവേശന ഫീസ് ഒടുക്കിയ വിവരം (ജേർണൽ നമ്പർ) ജൂൺ 19-ന് വൈകിട്ട് 5 മണിയ്ക്കകം വെബ്സൈറ്റിൽ നൽകി തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. പ്രവേശന ഫീസ് ഒടുക്കിയ വിവരം യഥാസമയം http://admissions.keralauniversity.ac.in-ൽ ചേർക്കാത്തവരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അടുത്ത അലോട്ട്മെന്റുകളിൽ അവരെ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതിനായി പ്രവേശന ഫീസ് യഥാസമയം ഒടുക്കി ആ വിവരം (ജേർണൽ നമ്പർ) നിശ്ചിത സമയത്തിനുള്ളിൽ വെബ്സൈറ്റിൽ ചേർക്കണം. ഒന്ന്, രണ്ട്, മൂന്ന് ഘട്ടം അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം മാത്രം കോളേജുകളിൽ പ്രവേശനത്തിന് ഹാജരായാൽ മതി. അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ പ്രവേശന ഫീസ് ഒടുക്കിയ വിവരം വെബ്സൈറ്റിൽ ചേർത്ത ശേഷം ആവശ്യമെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ ജൂൺ 20 വൈകിട്ട് 2 മണി വരെ നീക്കം ചെയ്യാം. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ ആ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുന്നതും ഇങ്ങനെയുള്ളവർ പുതിയ അലോട്ട്മെന്റിൽ ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

### KMAT KERALA പരീക്ഷ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാം

കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലേക്കും സർവ്വകലാശാലകളുടെ കീഴിലുള്ള കോളേജുകളിലേക്കും എം.ബി.എ 2017-18 പ്രവേശനത്തിനായുള്ള പ്രവേശന പരീക്ഷ ആയ KMAT KERALA യുടെ ഫീസ് ഓൺലൈനായി അടയ്ക്കേണ്ട അവസാന തീയതി ജൂൺ 20 വൈകുന്നേരം അഞ്ച് മണിവരെയും ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 21 വൈകുന്നേരം അഞ്ച് മണിവരെയും ആണ്. ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവർ എത്രയും പെട്ടന്ന് ഓൺലൈനായി kmatkerala.in എന്ന വെബ്സൈറ്റ് വഴി

അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് ജൂലൈ രണ്ടിന് നടക്കുന്ന പരീക്ഷയ്ക്കുള്ള ഹാൾ ടിക്കറ്റുകൾ ജൂൺ 24 മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കുവേണ്ടി പ്രവേശന മേൽനോട്ട സമിതിയുടെ തിരുവനന്തപുരം ഓഫീസിലെ 0471-2335133, 8547255133 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.
(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി )

## ബി.എ/ബി.എസ്സി/ബി.കോം/ബി.സി.എ/ബി.ബി.എ/ബി.പി.എ/ ബി.എസ്.ഡബ്ലിയു/ ബി.വോക് പരീക്ഷ

കേരള സർവകലാശാല നടത്തുന്ന രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ് ബി.എ/ബി.എസ്സി/ബി.കോം/ബി.സി.എ/ബി.ബി.എ/ബി.പി.എ/ബി.എസ്.ഡബ്ലിയു/ബി.വോക് (2013 അഡ്മിഷൻ, 2014 അഡ്മിഷൻ, 2015 അഡ്മിഷൻ & 2016 അഡ്മിഷൻ) പരീക്ഷകൾ ജൂലൈ 11-ന് ആരംഭിക്കും. പരീക്ഷകൾക്ക് പിഴകൂടാതെ ജൂൺ 23 (50 രൂപ പിഴയോടെ ജൂൺ 28, 125 രൂപ സൂപ്പർ ഫൈനോട് കൂടി ജൂൺ 30) വരെ ഓൺലൈനായി ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ ജർമ്മൻ ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ 2015-17 അദ്ധ്യയന വർഷത്തിലെ എം.എ ജർമ്മൻ ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. കൃഷ്ണ ചന്ദ്രൻ സി (GER150502/2017) ഒന്നാം റാങ്ക് നേടി.

## ബി.എ ഓണേഴ്സ് പരീക്ഷ

കേരള സർവകലാശാല ജൂലൈ അഞ്ചിന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ പരീക്ഷയ്ക്ക് പിഴ കൂടാതെ ജൂൺ 19 (50 രൂപ പിഴയോടെ ജൂൺ 22, 125 രൂപ സൂപ്പർ ഫൈനോട് കൂടി ജൂൺ 23) വരെ ഓൺലൈനായി ഫീസടച്ച് അപേക്ഷിക്കാം.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല ജൂലൈ അഞ്ചിന് ആരംഭിക്കുന്ന 2013 സ്കീം നാലാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി ജൂലൈ 2017 പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം ഫലം

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ ഒന്നും രണ്ടും വർഷ ബി.കോം ആന്വൽ സ്കീം പരീക്ഷയുടെ പാർട്ട് ഒന്നും രണ്ടും പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ജൂലൈ 15 വരെ അപേക്ഷിക്കാം. പരാജയപ്പെട്ടവർക്ക് പിഴ കൂടാതെ ജൂൺ 24 (50 രൂപ പിഴയോടെ ജൂൺ 27, 125 രൂപ സൂപ്പർ ഫൈനോട് കൂടി ജൂൺ 29) വരെ ഫീസടച്ച് അപേക്ഷിക്കാം. പരീക്ഷാതീയതി പിന്നീട് അറിയിക്കും.

തിരുവനന്തപുരം.
15.06.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**